തിരൂർ ഗവണ്മെൻറാശുപത്രി.

146. [14] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ ഗവണ്മെൻറാശുപത്രി (കോഴിക്കോട്ട് ജില്ല)ക്കു പുതുതായി നിർമ്മിച്ച കെട്ടിടത്തിൻെറ സാനിട്ടറി ഫിറ്റിംഗ്സ് നടത്താത്തതിനു് കാരണമെന്തു് ;

(ബി) ഫിറ്റിംഗ്സ് നടത്തുവാൻ വ്യക്തമായ വല്ല നടപടിയും എടുത്തുകഴിഞ്ഞിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഉടനെ നടപടി ആരംഭിക്കുവാൻ ഏർപ്പാടാക്കുമോ ?

ഉത്തരം.

(എ) എസ്റ്റിമേറിനു അംഗീകാരം കൊടുത്തിട്ടുണ്ടു്. പണി ആരംഭിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ടു്.

(ബി, സി) ഒന്നാം ഉപചോദ്യത്തിൻെറ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

പാലംപണി

147. [18] ശ്രീ. എം. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുവാറ്റുപുഴ ഡിവിഷനിൽ വൈക്കം സബ്ബ് ഡിവിഷനിൽ കൂട്ടിച്ചേർത്തി - നീയൂർ റോഡിലെ പാലംപണി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതെന്നാണു്;

(ബി) പ്രസ്തുത പാലംപണി ഇതുവരേയും നടത്താതിരിക്കുന്നതിനുള്ള കാരണമെന്തു് ;

(സി) ടി പണി ഈ സാമ്പത്തിക വർഷം തന്നെ നടത്തുന്നതിനു് സത്വര നടപടികളും സ്വീകരിക്കുമോ ?

ഉത്തരം.

(എ) 1959-60-ൽ.

(ബി) ഡിസൈനും എസ്റ്റിമേറും റിവൈസു് ചെയ്യേണ്ടതായി വന്നു.

(സി) ഈ കാര്യം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുന്നു.

ജാതിക്ക കറാമ്പു്കൃഷി

148. [19] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെകാണുന്ന ചോദ്യങ്ങൾക്കു് കൃഷ്യിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറിൽ എവിടെയെല്ലാം എത്ര ഏക്കർ വീതം ജാതിക്ക, കറാമ്പു് തോട്ടങ്ങൾ ഉണ്ടു് ;

(ബി) പ്രസ്തുത കൃഷി പ്രചരിപ്പിക്കുവാൻ ഗവണ്മെൻറിനു വല്ല പരിപാടിയും ഉണ്ടോ ;

(സി) ഇതിനായി ഗവണ്മെൻറു് ലോൺ, ഗ്രാൻറു് മുതലായവ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ജാതിക്കയും കറാമ്പും തോട്ടമായി കൃഷിചെയ്യുന്നതു് കേരളത്തിൽ വളരെ പുതുമയായുള്ള. ഇവയെക്കുറിച്ചുള്ള കൃത്യമായ കണക്കുകളും ശേഖരിച്ചിട്ടില്ല.

(ബി) ഉണ്ടു്.

(സി) ഇപ്പോഴും പദ്ധതിയൊന്നും രൂപീകരിച്ചുകഴിഞ്ഞതിട്ടില്ല.

ജൂനിയർ ടെക്നിക്കൽ സ്കൂൾ വിദ്യാർത്ഥികളുടെ സമരത്തിൽ പോലീസ് അവിഹിതമായി ഇടപെട്ട എന്നുള്ള ആവലാതി.

149. [20] ശ്രീ. എം. വി. വാസു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) ജൂനിയർ ടെക്നിക്കൽ സ്കൂൾ വിദ്യാർത്ഥികളുടെ ന്യായമായ സമരത്തിൽ പോലീസ് അവിഹിതമായി ഇടപെട്ട എന്നുള്ള ആവലാതി മന്ത്രിക്കു് ലഭിച്ചിട്ടുണ്ടോ ;

(ബി) എത്ര കേന്ദ്രങ്ങളിൽ ഈ വിദ്യാർത്ഥികൾക്കെതിരായി പോലീസ് ഇടപെട്ടിട്ടുണ്ടു് ;

(സി) എത്ര സ്ഥലത്തു് ലാത്തിചാർജ്ജു് നടക്കുകയുണ്ടായി ;

(ഡി) എവിടെയെല്ലാം?

ഉത്തരം.

(എ) ഉണ്ടു്.

(ബി) പത്തു കേന്ദ്രങ്ങളിൽ സമാധാനപരിപാലനത്തിനു് പോലീസ് ഇടപെട്ടിട്ടുണ്ടു്.

(സി) ലാത്തിചാർജ്ജു് ഒരു സ്ഥലത്തും ഉണ്ടായിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 29-1-1964

പുതിയ ട്രാൻസ്പോർട്ട് ലൈനുകൾ.

150. [1] ശ്രീ. ഡി. ദാമോദരൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിലുള്ള ഏതെല്ലാം ലൈനുകളിൽ പുതിയതായി ട്രാൻസ്പോർട്ടുബസ്സുകൾ ഏർപ്പെടുത്താൻ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്;

(ബി) ആയൂർ – കൊട്ടാരക്കര - പുത്തൂർ ഈ ലൈനുകളിൽ പ്രൈവറ്റു ബസ്സുകൾ വേണ്ടത്ര ഇല്ലാത്തതുകൊണ്ടു് വിദ്യാർത്ഥികളും സർക്കാർ ഉദ്യോഗസ്ഥന്മാരും, മറ്റു യാത്രക്കാരും വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായും, ഈ ലൈനിൽ ഉടൻ തന്നെ എത്രയും ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാൻ ഉത്തരവു കൊടുക്കണമെന്നും മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly